[Rao Sahib K. Ayyappan]

നത്തിന്നു് ശമനമില്ല എന്നു് പറഞ്ഞാൽ അതു് സമ്മതിക്കാൻ നിവൃത്തിയില്ല. ശമിച്ചു വരുകയാണു്. മിസ്റ്റർ കണ്ണൻ പലമർദ്ദനങ്ങളും ശിക്ഷിക്കപ്പെടാതെ പോയിട്ടുള്ള സങ്കടം കൊണ്ടു് പറയുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഗവമ്മെണ്ടിനെകൊണ്ടു് കഴിയുന്നതും ഗവമ്മെണ്ടു് ചെയ്യുന്നുണ്ടു്. അതിൽക്കൂടുതൽ പ്രവർത്തിക്കാൻ ഗവമ്മെണ്ടിനുള്ള വിഷമം ധരിക്കണം. അദ്ദേഹം പറയുന്നതു് അനാവശ്യമാണെന്നൊ ഇല്ലാത്തതാണെന്നൊ ഗവമ്മെണ്ടിനു ബോദ്ധ്യമില്ല. ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യത്തിൽ സമുദായ സംഘടനയോടും മറ്റും ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം അവരുടെ സഹകരണം കൂടുതലായി ഉണ്ടാവുകയാണെങ്കിൽ ഇതിനൊക്കെ സമാധാനമുണ്ടാകുമെന്നാണു് സ്വന്തനിലയ്ക്കു് ഒരു അധ്യക്ഷന്റെ നിലയിൽ നിന്നുകൊണ്ടു കൂടി എനിക്കു് പറയുവാനുള്ളതു്. ഇതൊന്നുമറിയാത്ത ഒരാളുടെ നിലക്കു് പറയുന്നതല്ല. കേസ്സു് തമ്മിൽ തീരുന്നതും മറ്റും അധ്യക്ഷതരുടെ നിസ്സഹായത കൊണ്ടായിരിക്കും. ഏതായാലും ഇതിനെ സംബന്ധിച്ചു, ഇത്രമാത്രമേ ഇപ്പോൾ പറയാനുള്ളു.

മിസ്റ്റർ എം. ഐ. പോൾ: പോലീസ്സിന്റെ കുറ്റങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്നു പറഞ്ഞു. അതു് പെടുത്തിയാൽ ഏതു് രീതിയിലാണു് ഗവമ്മെണ്ടു് അന്വേഷണം നടത്തുക?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അതിനൊക്കെ ചില rules ഉണ്ടു്. അതനുസരിച്ചു അന്വേഷണം നടത്തും.

മിസ്റ്റർ പോൾ പി. മാമ്പിള്ളി: ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും നടപടിക്കുറ്റം ചെയ്താൽ അവരുടെ പേരിൽ നടപടി നടത്തുവാനായി കൊച്ചിൻ പോലീസ്സു് മാന്വൽ ഒന്നാം വാള്യം 18 മുതൽ 20 വരെ വകുപ്പുകളിൽ നിബന്ധനകളുണ്ടു്. അതനുസരിച്ചുള്ള നടപടികളെടുക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ: എനിക്കു് ഇതിനെക്കുറിച്ചു അധികമൊന്നും ഇനി സംസാരിക്കാനില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കുന്നതാണെന്നും ഉദ്ദേശ്യമായ നടപടികൾ എടുക്കുന്നതിനു് മടിക്കുകയില്ലെന്നും പറഞ്ഞതുകൊണ്ടു് ഇതിനെക്കുറിച്ചു ഞാൻ ഇനി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, with drawn.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I wish to place before the Chair, Sir, a request that I may be allowed to move this motion.

Deputy President: I would like to know whether the Hon'ble Member has got the authority.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I have not got the authority. In that case I would naturally have been called for. I request the discretion of the Chair may be used because of the importance of the point raised and the unavoidable absence of the Hon'ble Member who has tabled the cut.

Deputy President: I think it is not proper.

(iv) Village Vigilance Committees—Representation to Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: "To reduce the allotment of Rs. 16,73,466 for Police in Demand No. 22 by Re. 1. (The necessity for giving representation for the Depressed classes in Village Vigilance Committees)" വില്ലേജ് വിജിലൻസ് കമ്മിറ്റികൾ എല്ലാ വില്ലേജുകളിലും ഉണ്ടെങ്കിലും അധ്യക്ഷതരാരേയും ആ കമ്മിറ്റികളിൽ ഏതിലെങ്കിലും നിയമിച്ചിട്ടുള്ളതായി അറിയുന്നില്ല. ഈ കമ്മിറ്റികളിൽ അധ്യക്ഷതർക്കു കൂടി പ്രാതിനിദ്ധ്യം കൊടുക്കുകയാണെങ്കിൽ ഞാൻ മുമ്പു് പറഞ്ഞതുപോലെയുള്ള മർദ്ദന കേസ്സുകളെ സംബന്ധിച്ചു വിവരങ്ങൾ ശേഖരിച്ചു് പോലീസ്സിനു് അറിവു കൊടുക്കുന്നതിനും, പോലീസ്സിനെ കാര്യമായി സഹായിക്കുന്നതിനും സാധിക്കും. കമ്മിറ്റിയിൽ അധ്യക്ഷതരുള്ളതുകൊണ്ടു അധ്യക്ഷതരുടെ കാര്യം മാത്രം നോക്കണമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

അവരും ഉണ്ടായിരിക്കുകയാണെങ്കിൽ കുറച്ചുകൂടി നന്നായിരിക്കും. ഈവക കമ്മിറ്റികളിൽ അധഃകൃതർക്ക് പ്രാതിനിദ്ധ്യം കൊടുക്കുന്നതു് അത്യാവശ്യമായിരിക്കുമെന്നാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്.

Mr. M. I. Paul *(Narakkal)*: On a point of information: What is the function of the Village Vigilance Committee?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: To help the Police in getting information about persons who are wanted, who are in hiding who are committing cognisable offences and to help the Police in all matters in the detection of crimes.

മിസ്റ്റർ കെ. എച്ചു്. സുലൈമാൻ: കൈക്കൂലി വാങ്ങുന്നതിലും ഉണ്ടോ?

റാവുസാഹിബു് എ. മാധവപ്രഭു: വേറെ ആളുകൾ കൈക്കൂലി വാങ്ങുന്നതിലും ഉണ്ടു്.

മിസ്റ്റർ പി. കെ. പോൾ: ഈ കമ്മിറ്റിക്കാർക്കു പോലീസ്സു് എന്തെങ്കിലും അക്രമം ചെയ്താൽ അന്വേഷണം ചെയ്യാൻ അധികാരമുണ്ടോ?

റാവുസാഹിബു് എ. മാധവപ്രഭു: അധികാരമുണ്ടു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ കമ്മിറ്റി വേണ്ട എന്നു വെയ്ക്കാമൊ?

റാവുസാഹിബു് എ. മാധവപ്രഭു: അങ്ങിനെ പാസ്സാക്കിയാൽ വേണ്ട എന്നു വെയ്ക്കാം.

The duty of the Police is not to commit crimes, but to detect crimes and therefore when they do their duty as police, the committee will help them.

*മിസ്റ്റർ പി. നാരായണമേനോൻ: ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. വിലേജു് വിജിലൻസു് കമ്മിറ്റികളിൽ അധഃകൃതർക്കു് പ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ളതാണു് ആവശ്യം. അതിന്റെ ആവശ്യം ഇന്നു് അധഃകൃതർ സഹിച്ചുകൊണ്ടിരിക്കുന്ന മർദ്ദനങ്ങളും ഇല്ലാതെയാക്കണമെന്നുണ്ടെങ്കിൽ മർദ്ദനത്തെക്കുറിച്ചു് കോടതികളിൽ കൊണ്ടുപോകാനിടയുള്ള കേസുകളിൽ ചിലതെങ്കിലും ശിക്ഷിക്കപ്പെട്ട മർദ്ദകന്മാർക്കു ഒരു പാഠമാകണമെന്നും, അതിനു് ഈ മാറ്റം പറിയതാണെന്നുമുള്ള അഭിപ്രായത്തിന്റെ ധാരണയാണു് വിലേജു് വിജിലൻസു കമ്മിറ്റികളിൽ അധഃകൃതർക്കു് പ്രാതിനിദ്ധ്യം വേണമെന്നു് ഒരു ഖണ്ഡനോപക്ഷേപംകൊണ്ടു വരുവാൻ അഭിപ്രായത്തെ പ്രേരിപ്പിച്ചതു്. ഇതുകൊണ്ടു മാത്രം അധഃകൃതമർദ്ദനം നില്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ലെങ്കിലും ഈ ഉപക്ഷേപത്തിനു ഞാൻ എതിരല്ല. ഇതിനു മുമ്പു് അധഃകൃതമർദ്ദനത്തെക്കുറിച്ചു ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ സംസാരിച്ചു കേട്ടപ്പോൾ ഞാൻ ജീവിക്കുന്നതു് ഒരു സ്വപ്നലോകത്തിലാണൊ; കേൾക്കുന്നതെല്ലാം പരമാത്ഭുതങ്ങളാണൊ; അതൊ വെറും വ്യാമോഹങ്ങളൊ എന്നെല്ലാം സംശയിച്ചുപോയി. അതിനു കാരണം വേറെയൊന്നുമല്ല, പ്രജായത്തഭരണത്തിനു വെമ്പിക്കൊണ്ടിരുന്ന ഈ രാജ്യത്തു് പ്രബലങ്ങളായ രാഷ്ട്രീയ കക്ഷികൾ ഓരോ പൌരന്മാരും അവകാശങ്ങളേയും അധികാരങ്ങളേയും രക്ഷിക്കുന്നതിനു്, അതിൽ എന്തെങ്കിലും ഹാനിതട്ടുന്നപക്ഷം അതിനെ ഭേദമാക്കുന്നതിനും ഒരുക്കമുള്ള രാഷ്ട്രീയ കക്ഷികളും അതുപോലെതന്നെ ഭിന്നന്യായം ഉണ്ടുചെന്നാലുമായ ആളുകളുടെ സകല വിഷമതകളും ഇല്ലാതാക്കുന്നതിനു് തയ്യാറായ ദീനബന്ധുക്കളും ഉള്ള ഈ രാജ്യത്തു് ഏറ്റവും താഴ്ന്നപടിയിൽ കഴിഞ്ഞുകൂടുന്ന സാധുക്കളായ അധഃകൃതരെ മർദ്ദിക്കുന്നതിനു് ആരെങ്കിലും ധൈര്യപ്പെട്ടാൽ, അവർക്കു് ഈ രാജ്യത്തു് ജീവിക്കുവാൻ സാധിക്കുമൊ എന്നായിരുന്നു ഞാൻ സംശയിച്ചു കൊണ്ടിരുന്നതു്. ഇതിലേക്കായിട്ടു് അനവരതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും പണ്ടത്തേക്കാൾ അധികം അധഃകൃതമർദ്ദനങ്ങൾ നടക്കുന്നുണ്ടെന്നും, അതിൽനിന്നു് ഞങ്ങളെ രക്ഷപ്പെടുത്തി തരണമെന്നും ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനോടു് അപേക്ഷിക്കുന്നതു് കേട്ടപ്പോൾ മാത്രമാണു് എനിക്കു് അത്ഭുതം തോന്നിയതു്. ഞാൻ പോലീസ്സിനെയല്ല അധികം കുറ്റപ്പെടുത്തുന്നതു്. പോലീസിന്നു് ഇത്തരം കേസ്സുകൾ തെളിയിക്കുന്നതിനും ചാർജ്ജു കൊടുക്കുന്നതിനും വളരെ വിഷമമുണ്ടെന്നു് ധരിച്ചിട്ടുള്ള ആളാണു് ഞാൻ. തുപ്പുണിത്തുറ പോലീസ്സ് സ്റ്റേഷനിൽ ജോലിചെയ്യുന്ന ഒരു പോലീസ്സുകാരൻ ഇങ്ങിനെയുള്ള ഒരു കേസ്സു് ചാർജ്ജു് ചെയ്യുന്നപക്ഷം ആ കേസ്സിന്നു് ഒരു വിധിയുണ്ടാകുന്നതുവരെ ആ മനുഷ്യൻ തുപ്പുണിത്തുറനിന്നും എറണാകുളം മജിസ്ട്രേട്ടുകോടതിയിൽ വന്നു് വൈകുന്നേരം വരെ തമ്പടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]

ച്ച് കിടക്കണം. ഇങ്ങനെ വളരെ ദിവസങ്ങൾ വന്ന് പലപ്രകാരത്തിലുള്ള വിഷമങ്ങളും അയാൾ അനുഭവിക്കണമെന്ന് ഞാൻ നല്ലവണ്ണം മനസ്സിലാക്കിട്ടുണ്ട്. അയാൾക്ക് T.A. ഇല്ല; D.A. ഇല്ല. ഈവക യാതൊരു സഹായങ്ങളും പോലീസ്സുകാർക്ക് ചെയ്തുകൊടുക്കുവാൻ ഗവൺമെണ്ടിന് ഒരുക്കവുമില്ല. ഈ നിലയ്ക്ക് ഇങ്ങിനെയുള്ളകേസ്സുകൾ ചാർജ്ജുചെയ്ത് തെളിയിക്കുവാൻ പുറപ്പെടുന്ന പക്ഷം പിന്നെയും പൊതുജനങ്ങൾക്കാണ് ബുദ്ധിമുട്ടുവന്നുകൂടുന്നത്. ബസ്സിൽ ഒന്നാമതായി Overload ആണെന്ന് പറഞ്ഞു.

ഡെപ്യൂട്ടി പ്രസിഡണ്ട്: ബഹുമാനപ്പെട്ട മെമ്പർ വില്ലേജ് വിജിലൻസ് കമ്മിറ്റിയെ പറ്റിയാണ് പറയേണ്ടത്.

മിസ്റ്റർ പി. നാരായണമേനോൻ: അതാണ് പറയുന്നത്. ഒരു കേസ്സ് ചാർജ്ജ് ചെയ്താൽ രണ്ടുനാൾ പോലീസുകാർ മജിസ്ട്രേട്ടുകോടതിയിലേക്ക് പോകേണ്ടിവരും. അതിന് അവർക്ക് ടി. എ യും ഡി. എ. യും ഒന്നും കൊടുക്കുകയില്ല എന്നുവന്നാൽ അവർ വല്ല ബസ്സിലും പിടിച്ചുകയറും. ഇങ്ങിനെയുള്ള പലേബുദ്ധിമുട്ടുകളും പോലീസിനനുഭവപ്പെടുന്നുണ്ട് ഇന്നത്തെ നിലക്ക് ഈവക കേസ്സുകൾ ചാർജ്ജ് ചെയ്യുന്നതിനോ, ഈവക കുറ്റങ്ങൾ ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്നതിനോ താല്പര്യമുണ്ടാകുകയില്ല എന്നും അവരെ കുറ്റം പറയേണ്ട ആവശ്യമില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഈ രാഷ്ട്രീയ കക്ഷികൾക്ക്.....

ഡെപ്യൂട്ടി പ്രസിഡണ്ട്: വില്ലേജ് വിജിലൻസ് കമ്മിറ്റിയെക്കുറിച്ചാണ് ഉപക്ഷേപം. ബഹുമാനപ്പെട്ട മെമ്പർ അതിനെപ്പറ്റി സംസാരിക്കണം.

മിസ്റ്റർ പി. നാരായണമേനോൻ: അതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. ഇത്തരം രാഷ്ട്രീയ കക്ഷികളും ദിനബന്ധുക്കളും ഉള്ള ഈ രാജ്യത്ത് ഇപ്രകാരം പൊതുസ്വാതന്ത്ര്യധ്വംസനമാണോ നടക്കുന്നത്?

ഡെപ്യൂട്ടി പ്രസിഡണ്ട്: Order! Order! വില്ലേജ് വിജിലൻസ് കമ്മറ്റികളിൽ അധികൃതർ വേണോ വേണ്ടയോ എന്നതാണ് പ്രതിപാദ്യവിഷയം.

മിസ്റ്റർ പി. നാരായണമേനോൻ: അതിനുള്ള ആവശ്യം പറയുകയാണ്. അതിനുള്ള ആവശ്യത്തിലേക്ക് എത്തുകയാണ്. അങ്ങിനെയുള്ള രാഷ്ട്രീയ കക്ഷികളും ദിനബന്ധുക്കളും ഉള്ളപ്പോൾ വില്ലേജ് വിജിലൻസ് കമ്മിറ്റിയിൽ നിങ്ങളുടെ മെമ്പർമാർ ആവശ്യമില്ല; സകല രാഷ്ട്രീയവകാശങ്ങളേയും രക്ഷിക്കുവാനും, പൊതുവകാശങ്ങളെ രക്ഷിക്കുവാനും തയ്യാറായിട്ടുള്ള ഞങ്ങൾ നിങ്ങളുടെ പൊതുവകാശത്തിനു യാതൊരുഹാനിയും തട്ടാതെ സംരക്ഷിക്കുന്നതിനു നിങ്ങളുടെ പിന്നിലുണ്ടെന്നും പറയാൻ ധൈര്യപ്പെടുമെന്ന് ഞങ്ങൾ വിശ്വസിച്ചു. അതിനു ഒരുങ്ങുകയാണെങ്കിൽ പ്രധാനമായ പതിനാലും രാഷ്ട്രീയ കക്ഷികളും .....

ഡെപ്യൂട്ടി പ്രസിഡണ്ട്: Order! Order! ബഹുമാനപ്പെട്ട മെമ്പർ വില്ലേജ് വിജിലൻസ് കമ്മിറ്റികളിൽ അധികൃതർ വേണമൊ, വേണ്ടയൊ എന്നുള്ളതിനെക്കുറിച്ചാണ് സംസാരിക്കേണ്ടത്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ പറയുകയാണെങ്കിൽ, വിജിലൻസ് കമ്മിറ്റിയിൽ ആളും വേണ്ട എന്നു ഞാൻ പറയും. ഇതൊക്കെ വെറും ബാഹ്യങ്ങളായുള്ള വേഷങ്ങളാണെന്ന് പരിപൂർണ്ണമായി വിശ്വസിക്കുന്നവനാണ് ഞാൻ. അതുകൊണ്ട് അവരുടെ രക്ഷയും അവരുടെ അഭിവൃദ്ധിയും അവരെത്തന്നെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് പരിപൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഗവൺമെണ്ടിന് അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

റാവുസാഹിബ് എ. മാധവപ്പണിക്കർ: വില്ലേജ് വിജിലൻസ് കമ്മിറ്റി മെമ്പർമാരായി ഇവരെ എടുക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിനു യാതൊരാക്ഷേപവുമില്ല. ചിലഗുണങ്ങൾ ഈതരത്തിലുള്ള ആളുകൾക്ക് വേണമെന്നു നിബ്ബന്ധമുണ്ട്. They must be men of sufficient local influence and should be willing to help the Police in the lawful discharge of their duties. ഈതരത്തിലുള്ള ആൾക്കാരെ അവരുടെ കൂട്ടത്തിൽനിന്ന് കിട്ടുന്നപക്ഷം ഗവൺമെണ്ടിനു അവരെ എടുക്കുന്നതിനു യാതൊരു പ്രതിബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. മെഹ. വേലായുധൻ: എതെങ്കിലും വിജിലൻസ് കമ്മിറ്റിയിൽ ഇപ്പോൾ അധ്യക്ഷത്തരുണ്ടോ?

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I want notice. I have not gone into the composition of every Village Vigilance Committee. അതുകൊണ്ട് ഇതിന്റെ തത്വം ഗവണ്മെന്റിനു് സ്വീകരിക്കുവാൻ യാതൊരാക്ഷേപവുമില്ല. ഒരുകാര്യം ഉണ്ടെന്നു് പേരുകാര്യം കൊടുക്കുന്നപക്ഷം ഇനിയുള്ള ലിസ്റ്റിൽപെടുത്താൻ വിഷമമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: On a point of information, ഇതിന്റെ പേരു് വിജിലൻസ് കമ്മിറ്റിയെന്നോ, വില്ലൻ കമ്മിറ്റിയെന്നോ?

റാവുസാഹിബു് എ. മാധവപ്രഭു: എഴുതികാണുന്നതു് വിജിലൻസ് കമ്മറ്റിയെന്നാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: വില്ലേജു് വിജിലൻസ് കമ്മിറ്റിയിൽ അധ്യക്ഷത്തക്കു് പ്രാതിനിധ്യം കൊടുക്കണമെന്ന തത്വം ഗവണ്മെന്റു് സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം സഭയുടെ സമ്മതത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn.

Demand put and carried.

(2) 14—Police—(Cranganur)

Rao Sahib A. Madhava Prabhu (*Chief Secretary to Government*): Sir, I beg to move that a sum of Rs. 20,396 under 14. Police—Cranganur be granted.

Demand, put and carried.

(3) 23—Education

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, വിദ്യാഭ്യാസവകുപ്പിലേക്കുവേണ്ടി ഫിനാൻസ് മെമ്പർ സഭയുടെ ധനാഭ്യർത്ഥന പാസാക്കിത്തരുവാൻ ഞാൻ ഈ സഭയോടു് അപേക്ഷിക്കുന്നു. ഈ ബഡ്ഡറ്റിൽ വിദ്യാഭ്യാസവകുപ്പിന്റെ നാനാവശങ്ങളെ ബാധിക്കുന്ന അനേകം ഉപക്ഷേപങ്ങളുണ്ടു്. ഉപക്ഷേപങ്ങളിൽ പലതും സമയക്കുറവുമൂലം വാദപ്രതിവാദത്തിനു വരുന്നില്ലെന്നു ഈ സഭയുടെ ഇതേവരെയുള്ള നടപടികളെക്കൊണ്ടു് വ്യക്തമാകുന്നതാണു്. എന്നാൽ ഉപക്ഷേപങ്ങൾമൂലം ഉന്നയിക്കപ്പെട്ടവാൻ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ആഗ്രഹിക്കുന്ന വിഷയത്തെക്കുറിച്ചു് സഭ അറിയണമെന്നുള്ള ആഗ്രഹം അംഗങ്ങളെ പോലെ തന്നെ ഗവണ്മെന്റിനുമുള്ളതുകൊണ്ടു് സാമാന്യമായി ചില സംഗതികൾ ഇവിടെ പറഞ്ഞാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു്. ബഹുമാനപ്പെട്ട ഫിനാൻസു മെമ്പർ സഭയുടെ മുമ്പാകെ വെച്ചിട്ടുള്ള Explanatory Memorandum-ൽ നിന്നു ചില സംഗതികൾ മനസ്സിലാക്കുവാൻ സാധിക്കും. ഇക്കൊല്ലത്തെ ബഡ്ഡറ്റ് എസ്റ്റിമേറ്റു് നു,ഉ,ർ,ന്നു,ന്നംനക യാണു്. ഫ്രഫഉ-ലെ ബഡ്ഡറ്റ് എസ്റ്റിമേറ്റു് ഇ,ന്നു,ന്നംനക യാണു്. ഇങ്ങിനെ നോക്കുമ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിലേക്കു് വരുന്ന കൊല്ലത്തേക്കു ഫഉ ലക്ഷം ഉറുപ്പികയോളം കൂടുതൽ ചിലവു വരുന്നുണ്ടെന്നു സഭക്കു കാണുവാൻ സാധിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിനു ഒരു പ്രത്യേകതയുള്ളതു്, ഈ ഡിപ്പാർട്ടുമെണ്ടിലെ പണം മിക്കവാറും മുഴുവനും ശമ്പളമായിട്ടാണു് ചിലവഴിക്കുന്നതു്. ഒരു തരത്തിൽ നോക്കുമ്പോൾ ഒരു ഗവണ്മെണ്ടിന്റെ ബഡ്ഡറ്റാകുള്ള പണം മുഴുവൻ ശമ്പളമായിട്ടാണു് പോകുന്നതെന്നു കാണുവാൻസാധിക്കും. മറ്റൊരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സപ്ലിസുകൾക്കു് സ്റ്റോറിന്റെ പ്രതിഫലമായിട്ടാണു് ബഡ്ഡറ്റിൽ സംഖ്യകൾ കൊള്ളിക്കുക എന്നു് തൻമൂലം അപഗ്രഥനം ചെയ്യാൽ മനസ്സിലാക്കുവാൻ സാധിക്കും; നേഷൻ ബിൽഡിംഗ് ഡിപ്പാർട്ടുമെണ്ടു് എന്നറിയപ്പെടുന്ന ഡിപ്പാർട്ടുമെണ്ടു് എടുക്കുകയാണെങ്കിൽ തികച്ചും അതു കാണുവാൻ സാധിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടു് പ്രത്യേകിച്ചും അങ്ങിനെയാണു്. എന്നാൽ ഡയറക്ഷനും ഇൻസ്പെക്ഷനും നീക്കിവെച്ചിട്ടുള്ളതു് ആകെയുള്ള നു,ഉ,ർ,ന്നു,ന്നംനക.യിൽ ഫ,ഒ ഫ,ന്നുർക. യാണു്. അതുകൊണ്ടു് അധികം ചിലവഴിക്കുന്നു എന്ന കാര്യത്തിൽ യാതൊരു കുറവും ഉണ്ടായിട്ടില്ലെന്നു സഭക്കു കാണുവാൻ സാധിക്കും. Direction and Inspection-നു ഫഉ ഉ-ൽ വകകൊള്ളിച്ചിരുന്നതു് ഫ,ന്നു,ർ,ംന്നു കയാണു്. ഫഉ ന-ലേക്കു അതു് ഫ,ഒ ഫ,ന്നുർക.യായി വർദ്ധിച്ചിട്ടുണ്ടു്. ഫഉ ലക്ഷത്തോളം ഉറുപ്പിക കഴിഞ്ഞ കൊല്ല

*Speech not corrected by the Hon'ble Minister.

LIBRARY ARCHIVES Kerala Legislative Assembly